## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6620 — 09.07.2014 ലെ മറുപടിയ്ക്ക്

## സംസ്ഥാനത്തിന് പുറമെയുള്ള ആശുപത്രികളിലെ ചികിത്സ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തിന് പുറമെയുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് കാരുണ്യ ബെനവലന്റ് പദ്ധതിയിൽ നിന്ന് സാമ്പത്തിക സഹായം അനുവദിക്കാറുണ്ടോ ; | (എ), (ബി) & (സി) | നിലവിൽ സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുവാൻ വ്യവസ്ഥയില്ല. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പരിമിതമായ പദ്ധതി നടത്തിപ്പ് സംവിധാനത്തിൽ സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രിയിലേക്ക് ചികിത്സാ ധനസഹായം അനുവദിച്ചാൽ അതിന്റെ ഉപയോഗം പരിശോധിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമുള്ള തടസ്സങ്ങൾ നിലനിൽക്കുന്നു. എന്നിരുന്നാലും അയൽ സംസ്ഥാനങ്ങളിലെ പ്രധാനപ്പെട്ട ആശുപത്രികളിലും മംഗലാപുരം, കോയമ്പത്തൂർ, വെല്ലൂർ, തുടങ്ങിയ സ്ഥലങ്ങളിലെ മികച്ച ആശുപത്രികളിലും പദ്ധതി നടപ്പിലാക്കുന്നതിന്റെ സാധ്യത പരിശോധിച്ചു വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ ഏതൊക്കെ ആശുപത്രികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകാമോ ; | | |
| (സി) | ഇല്ലെങ്കിൽ പുറമെയുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് കൂടി സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ.